# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3255 25/06/2012 ൽ മറുപടിക്ക്

### റാങ്ക് ലിസ്റ്റുകൾ ദീർഘിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| 2012 ജൂലൈ 1 മുതൽ 2013 മാർച്ച് 31-നകം കാലാവധി അവസാനിക്കുന്ന എല്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റുകളും ഒഴിവുകൾ ലഭിക്കാതെ വരുന്ന അവസരത്തിൽ പരമാവധി നാലര വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; ഇതേക്കുറിച്ച് ഉള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ? | 30.4.2012-ൽ നിലവിലുള്ളതും 30.3.2013 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി 31.3.2013 വരെ പി.എസ്.സി ദീർഘിപ്പിച്ചിട്ടുണ്ട്.<br>(1) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ പ്രകാരം റാങ്ക് ലിസ്റ്റിന്റെ പരമാവധി കാലാവധിയായ നാലര വർഷം പൂർത്തിയാകുന്ന മുറയ്ക്ക് കാലാവധി അവസാനിക്കുന്നതായിരിക്കും.<br>(2) ഈ കാലയളവിൽ ഏതെങ്കിലും തസ്തികയിൽ ഒരു പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരികയാണെങ്കിൽ പ്രസ്തുത തീയതി മുതൽ ആ തസ്തികയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ